# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1760    22.03.2012 -ൽ മറുപടിയ്ക്ക്**

**എൻ.ജി.ഒ.കളുടേയും ചാരിറ്റി സംഘടനകളുടേയും പ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ വി. എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ കെ. എൻ. എ. ഖാദർ<br>ശ്രീ പി. ഉബൈദുള്ള :<br>ശ്രീ കെ. എം. ഷാജി : | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കൂടംകുളം ആണവ പദ്ധതിക്കെതിരായ പ്രവർത്തനങ്ങൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ടെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ബഹു. പ്രധാനമന്ത്രിയുടെ പ്രസ്താവന മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ വിവിധ വികസന പദ്ധതികൾക്കെതിരെ അടിസ്ഥാനരഹിത കാരണങ്ങളുന്നയിച്ച് അവയുടെ പ്രവർത്തനം തടസപ്പെടുത്തിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പരിശോധന നടത്തുമോ ; | ബി) ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. (എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് വരുന്നുണ്ട്.) |
| (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എൻ. ജി. ഒ. കളും ചാരിറ്റി സംഘടനകളും ധനസമാഹരണം നടത്തുന്ന രീതി പരിശോധിക്കുന്നതിന് സംസ്ഥാനത്തിന്റെ കീഴിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ ; | സി) എൻ. ജി. ഒ. കളും ചാരിറ്റി സംഘടനകളും വിദേശത്തുനിന്നുള്ള സംഭാവനകളിലൂടെ നടത്തുന്ന ധനസമാഹരണം ഫോറിൻ കോൺട്രിബ്യൂഷൻ (റഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾക്ക വിധേയമാണ്. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ചുമതല കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനാണ്. |
| (ഡി) ഇത്തരം സ്ഥാപനങ്ങൾ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കുവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാറുണ്ടോ ; എങ്കിൽ നിരീക്ഷണഫലം സംബന്ധിച്ച കഴിഞ്ഞ അഞ്ചു വർഷത്തെ വിശദവിവരം വെളിപ്പെടുത്തുമോ ? | ഡി) ചില സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് രഹസ്യമായി നിരീക്ഷണം നടത്തി വരികയാണ്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ